
● കഥ

# കൊച്ചു കൊച്ചു സ്വാതന്ത്ര്യ പ്രഖ്യാപനങ്ങൾ

മുത്ത്



കണ്ണുകാണാൻ വയ്യാത്തത്ര മഴയായിരുന്നു സുമിത്ര ബസ്സിറങ്ങി, ഓടി, നേരെ മുമ്പിലുള്ള 'ഹൈവേ ഇലക്ട്രോണിക്സി"ന്റെ അരികു ചേർന്നു നിന്നു. ചുറ്റും തിരക്ക്. ഇങ്ങനെയും ഒരു മഴയോ എന്ന് അന്തം വിട്ട് നിൽപ്പാണ് എല്ലാവരും. ചിലർ വീടണയാൻ അക്ഷമരാണെന്ന് തോന്നി, വേറെ ചിലർ, കുന്തിച്ചിരുന്ന്, ബീഡിയും പുകച്ച് സർവ്വതും ഒരു ദൃശ്യാനുഭവമാക്കി മാറ്റുന്നുണ്ടായിരുന്നു. ചിലർ കുടയില്ലാത്തതുകൊണ്ട് കേറി നിൽക്കുകയാവാം. സുമിത്ര കുടയുണ്ടായിട്ടും നടക്കാനാവാതെ നിൽപ്പാണ്.

ആ നിൽപ്പിൽ സുമിത്രക്ക് ഒരു സന്തോഷമൊക്കെ തോന്നി. ചുറ്റും ആണുങ്ങളാണ്. ഒരു ആൺ ലോകത്തിലെ ഏക പെൺ പ്രതിനിധിയായിനിന്ന് മഴ കണ്ടതിലൂടെയുള്ള ഒരു പ്രത്യേക സുഖം. "ഓരോ ലേഖനം വായിച്ചുണ്ടാവുന്ന ഓരോ തോന്നൽ. ഒരിക്കൽ ഇങ്ങനെ കേട്ടതിൽപ്പിന്നെ സുമിത്ര എപ്പോഴും ആലോചിക്കും "ഇത് തന്റെ സ്വന്തം സന്തോഷമാണോ? അതോ മറ്റാരുടേതെങ്കിലുമോ?" ഓരോ സങ്കടങ്ങളിലും സന്തോഷങ്ങളിലും 'ഇത് നേരോ നുണയോ' എന്നൊരാലോചന സുമിത്രയെ വിടാതെ പിടികൂടി ശ്വാസം മുട്ടിച്ചു.

എങ്കിലും ഇപ്പോൾ സുമിത്ര മഴ കാണുകയാണ്. പാലുകുടിക്കാൻ വൈകുന്ന കുട്ടിയെ മറന്ന്... അവന്റെ, കണ്ണുകളിൽ കുറുമ്പ് നിറച്ച്, കെട്ടിപ്പിടിച്ചുള്ള ചിരിയെ മറന്ന്.....

മഴയത്ത് ചീറുന്ന വണ്ടികൾ........

തെറിക്കുന്ന വെള്ളത്തുള്ളികൾ........

അന്നത്തെ ദിവസം എന്തിന്റെയോ തുടർച്ചയാണെന്ന് സുമിത്രക്ക് തോന്നി. രാവിലെ ഒരു സ്വകാര്യ ബസ്സിലിരിക്കുമ്പോഴാണ് റോഡിലൂടെ നടന്നുപോകുന്ന മേരിയെ കണ്ടത്. തന്റെ കോളേജ് ദിനങ്ങളെ അർത്ഥവത്താക്കിയിരുന്നു മേരി. അൽപം തടിച്ചിട്ടുണ്ട്. ഒരു ബാഗും തൂക്കി, ഒട്ടൊരു ആധികാരികതയോടെ , കയ്യും വീശി നടക്കുകയാണ് ആൾ. ബസ്സിലിരുന്ന് 'മേരി' എന്ന് വിളിച്ചു കൂവാൻ തോന്നി, സുമിത്രക്ക്. എങ്കിലും ഉറക്കെ കയ്യടിക്കുക മാത്രം ചെയ്തു. മുമ്പിലിരുന്നവർ തിരിഞ്ഞു നോക്കിയതല്ലാതെ ഒന്നും സംഭവിച്ചില്ല. സുമിത്രയുടെ അന്നത്തെ ചിന്തകൾക്കു മുഴുവൻ മേരിയുടെ മണമുണ്ടായിരുന്നു-ക്ലാസ്സ് റൂമിൽ-ഇടനാഴികളിൽ, ലൈബ്രറിയിലേക്കുള്ള കോണിപ്പടികളിൽ......

വർഷങ്ങൾക്കു മുമ്പ് ഒരു പള്ളിമുറ്റത്ത്, നക്ഷത്രങ്ങൾ തുന്നിച്ചേർത്ത നെറ്റ് തലയിലണിഞ്ഞ്, കയ്യിൽ മുല്ലപ്പൂങ്കുലയുമായി ചിരിച്ചുകൊണ്ടുനിന്ന ഒരു മേരിയുണ്ടായിരുന്നു. കല്യാണത്തിനു വന്ന് വരനെ തിരഞ്ഞ സുമിത്രയുടെ കണ്ണിലുടക്കിയതാകട്ടെ, അയാളുടെ കാലിലെ രോമക്കോട്ടണിഞ്ഞതു പോലുള്ള ചെരിപ്പും. ആ ഒരു ജോഡി ചെരിപ്പുകൾ അസഹ്യമാംവിധം സുമിത്രയുടെ മനസ്സിനെ ഞെരിച്ചിരുന്നു. പിന്നീടെപ്പഴോ മേരി പറഞ്ഞു, "എനിക്കവിടെ പറ്റാതെയാ തിരികെ വീട്ടിലേക്ക് വന്നത്. ഇനി വയ്യ"

പണ്ട് ക്ലാസ്സിൽ ആദ്യ പിരീഡിൽ, വരാൻ വൈകുന്ന മേരിയെ കാത്ത് അക്ഷമയോടെ ഇരിക്കാറുണ്ടായിരുന്നു സുമിത്ര. വാതിൽക്കലെത്തുമ്പൊഴേ മേരി ചിരിക്കും. ഇപ്പോൾ തന്നെ കണ്ടാൽ, വർഷങ്ങളുടെ വിടവിനെ ഇല്ലാതാക്കുന്ന ആ ചിരിയുമായി ഓടിവരുന്ന മേരിയെ സുമിത്രക്ക് കാണായി.

മറ്റൊരു വൈകുന്നേരം പതിവുപോലെ, നാട്ടിൻപുറത്തെ കോളേജിനു മുന്നിൽനിന്ന് ബസ്സ് കയറി, നഗരത്തിലെ റെയിൽവേ സ്റ്റേഷനിലെത്തിയതാണ് സുമിത്ര. നാട്ടിലേക്കുള്ള തീവണ്ടിയിൽ കയറി. സീറ്റു പിടിച്ച്, പുസ്തകം നിവർത്തി.. ഒന്നിനും മാറ്റമുണ്ടായില്ല, പതിവു പോലെ. തീവണ്ടി രണ്ട് സ്റ്റേഷൻ പിന്നിട്ടപ്പോഴാണ് ആതിര കയറിയത്.

"താനെവിടുന്നാ?" ആതിര കൈ വീശി.

"താനോ?" സുമിത്ര തിരിച്ചും

ആ തിരക്കിൽ എങ്ങനെ അടുത്തെത്തിയെന്ന് രണ്ടുപേർക്കുമറിയാനായില്ല.

സുമിത്ര ഇറങ്ങുംവരെ അവർ തോരാതെ മിണ്ടി. ബസ്സിലെ തിരക്കിൽ തൂങ്ങി നിന്നപ്പോൾ ഓർമ്മ വന്ന പാട്ടിനെപ്പറ്റി, ഫോണിലൂടെ മഴയുടെ ശബ്ദം കേൾപ്പിച്ചു തന്ന സുഹൃത്തിനെപ്പറ്റി, തൊണ്ടയിൽ കനം തോന്നിച്ച അനാഥ സമയങ്ങളെപ്പറ്റി........

പണ്ട് നാട്ടിൽനിന്ന് നഗരത്തിലെ കോളേജിൽ പഠിക്കാനെത്തുമ്പോഴാണ് ആതിര കൂടെയെത്തുന്നത്. ആതിരക്ക് പ്രേമം മൂത്ത സമയമായിരുന്നു. വരാത്ത കത്തുകൾ, വന്ന കത്തുകളിലെ വിടവുകൾ, മുറിഞ്ഞു പോയ ഫോൺ ഭാഷണങ്ങൾ....... സുമിത്ര എല്ലാത്തിനും കൂടെ നടന്നു. ഇടയ്ക്കിടെ, 'ജീവിതം എങ്ങനെ?' എന്ന് പരസ്പരം തിരക്കി. ഒപ്പം ഏറ്റവും ചെറിയ കാര്യങ്ങൾ പങ്കുവെച്ചു. "ഇന്ന് കുളിക്കുമ്പോൾ ഏത് പാട്ടാ പാടിയത്" എന്നന്വേഷിച്ചു.

ഇന്ന് വല്ലപ്പോഴും വരുന്ന ഫോൺ ശബ്ദമാണ് ആതിര. എങ്കിലും, പുഴയിൽ വെള്ളത്തിനടിയിൽ കാണുന്ന കല്ലുകൾ പോലെ... ആതിര പണ്ടേപ്പോലെ തന്നെ. സുമിത്രക്ക് ലോകത്തെപ്പറ്റി നല്ല അഭിപ്രായം തോന്നി.

നാട്ടിലെ സ്റ്റേഷനിലിറങ്ങി, സുമിത്രക്ക് വീട്ടിനടുത്തുള്ള സ്റ്റോപ്പിലേക്ക് വീണ്ടും ഒരു ബസ്സ് കയറണം. ഒരു പകലിന്റെ മുഴുവൻ ഭാരം പേറിക്കൊണ്ടാണ് ബസ്സിന്റെ വരവ്. അതിലെ യാത്രക്കാരുടെയും. "ദിവസം മുഴുവൻ നിങ്ങളെ ഫ്രഷ് ആക്കുന്ന കുട്ടിക്കൂറാ പൗഡർ കുറച്ചധികം വാങ്ങി എല്ലാവർക്കും കൊടുത്താലോ എന്നാലോചിക്കുകയായിരുന്നു സുമിത്ര. ഒന്നുമില്ലെങ്കിലും ടിവിയിലെ സുന്ദരിയെപ്പോലെ എല്ലാവരുടെയും സന്തോഷിക്കുന്ന മുഖങ്ങൾ കാണാമല്ലോ എന്നോർത്തു നിന്നപ്പോഴാണ് 'മിത്രാ' എന്ന വിളി ഒരിക്കൽ കാതിൽ മുഴങ്ങിയത്. നോക്കുമ്പോൾ, തിരക്കിനിടയിൽ, മുഖം നിറയെ പുഞ്ചിരിയുമായി നീലിമ. കുട്ടിക്കൂറാ ടിന്നുകൾ പുറകിലേക്കെറിഞ്ഞ് സുമിത്ര ഞെരുങ്ങി നീലിമക്കരികിലെത്തി. പുഴക്കരയിലെ വൈകുന്നേരങ്ങളോടൊത്തു വളർന്ന അടുപ്പം പങ്കുവെച്ചു. ഇന്ന് ഇരുവർക്കും പുഴക്കര തിരക്കേറിയ ബസ്സായിത്തീർന്നിരിക്കുന്നുവെന്ന് മാത്രം.

ഓഫീസിലും വീട്ടിലും പിടിപ്പത് പണിയുള്ളയാളാണ് നീലിമ. പക്ഷെ, സുമിത്രയെപ്പോലെയല്ല, പരാതികളും തത്ത്വങ്ങളും ചമയ്ക്കാത്തവൾ. തിരക്കിൽ കണ്ടാൽ, ഒന്നു കൈ വീശിയാൽ, സ്വർഗ്ഗം പൂകുന്നവൾ. എല്ലാ കയറ്റിറക്കങ്ങളിലും പൊട്ടിപ്പോവാത്ത ആത്മദർശനം സൂക്ഷിച്ചവൾ.

ഈ പലപല ദിവസക്കഷ്ണങ്ങൾ കൂട്ടിച്ചേർത്താലോ? സുമിത്രയ്ക്ക് അതിലൂടെ തുടർച്ചയുടെ ഒരു കഥ അറിയാനായി. ആ കഥയെ അവൾ ആകാശത്തിലേക്ക് പറത്തി വിട്ടു.

അതിന്റെ ഭാഗമായാണ് സുമിത്ര ആ മഴയത്ത് എത്തിപ്പെട്ടത്. പൊടുന്നനെ എവിടെ നിന്നാവോ ആ മഴ പെയ്തത്!

സുമിത്രക്ക് തന്റെ പഴയ നീല സൈക്കിൾ പുറത്തെടുത്ത് ഓടിക്കാൻ തോന്നി. വാഹനങ്ങളിലും മനസ്സുകളിലും മഴയിലും എന്തോ ഉണ്ട്. കൈ നീട്ടി തൊടാവുന്ന ഒന്ന്. മഴ തോരാൻ തുടങ്ങിയിരിക്കുന്നു. സുമിത്രക്ക് മഴയിൽ നിന്ന് പിന്തിരിയാതെ വയ്യ. തെരുവു വിളക്കിൻ്റെ വെളിച്ചത്തിൽ ചിതറിത്തെറിച്ച മഴത്തുള്ളികൾ കണ്ടുകൊണ്ട്, നനഞ്ഞ കാലടികൾ വെച്ച് സുമിത്ര നടന്നു. ●

● **അസമിയ നാടോടിക്കഥ**

# ബ്രഹ്മപുത്രയിലെ മുക്കുവൻ

## പുനരാഖ്യാനം : എസ്. ശാന്തി

അത്ര പണ്ടൊന്നുമല്ല,

ബ്രഹ്മപുത്രാ നദിക്കരയിൽ ഒരു മുക്കുവൻ വസിച്ചിരുന്നു. സസുഖം, സംതൃപ്തനും ആഹ്ലാദവാനുമായി അവന്റെ ഓടക്കുഴലിൽ ബിഹു ഗാനങ്ങളും വായിച്ച് അവൻ കഴിഞ്ഞു പോന്നു. അവന് ദിവസവും ആവശ്യമുള്ളത്ര മീൻ ചൂണ്ടയിട്ട് പിടിക്കും. ചൂണ്ടയിട്ട് കാത്തിരിക്കുമ്പോഴും അവൻ പൂക്കളോടും കിളികളോടും സല്ലപിക്കുകയും മൂളിപ്പാട്ട് പാടുകയും ചെയ്തിരുന്നു. ബ്രഹ്മപുത്രയിലെ ജലകണികയെപ്പോലെ തന്നെ നിർമ്മലമായി, സരളമായി അവന്റെ ജീവിത നിയതിയും ഒഴുകി.

പുഴക്കരയിലെ വൻ മരവും തീരത്ത് കുളിക്കാൻ വരുന്ന കുട്ടികളും അവന്റെ കൂട്ടുകാരായിരുന്നു. ഉച്ചയൂണ് കഴിഞ്ഞാൽ മരത്തണലിൽ ഓടക്കുഴൽ വായിച്ച് വായിച്ച് അവനുറങ്ങും. സുഖമായി.

ഒരു ദിവസം ഒരു വഴിപോക്കൻ അതിലേ വന്നു. മുക്കുവൻ അയാളുമായും ചങ്ങാത്തമായി.

അയാൾ പറഞ്ഞു. 'പോ മുക്കുവാ, നീ കുറേക്കൂടി മീൻ പിടിക്കാത്തതെന്താ?'

മുക്കുവൻ അത്ഭുതപ്പെട്ടു: 'എന്തിന്'

'വിൽക്കാൻ' വഴിപോക്കൻ പറഞ്ഞു.

'എന്നിട്ടോ'? മുക്കുവൻ ചോദിച്ചു.

'ധാരാളം മീൻ പിടിക്കാൻ' വഴി പോക്കൻ പറഞ്ഞു.

'എന്നിട്ടോ'? മുക്കുവന് സംശയം തീർന്നില്ല.

'വിറ്റു കാശാക്കി ഒരു വള്ളം വാങ്ങാമല്ലോ'

'എന്നിട്ടെന്തു ചെയ്യാനാണ്' മുക്കുവന് കുറേശ്ശേ അരിശം വരാൻ തുടങ്ങി.

'കൂടുതൽ കൂടുതൽ മീൻ പിടിച്ച് വിറ്റ്, കൂടുതൽ കൂടുതൽ സമ്പാദിക്കാമല്ലോ'

'എന്തിന്?' മുക്കുവൻ വീണ്ടും ചോദിച്ചു.

'ഒരു വലിയ വീട് പണിയാൻ' വഴിപോക്കൻ പറഞ്ഞു.

'എന്നിട്ട്?' മുക്കുവന് അത്ഭുതം!

'ഹേ വിഡ്ഢീ, എന്നിട്ട് നല്ലൊരു കല്യാണവുമൊക്ക കഴിച്ച് ധാരാളം പണിക്കാരുമായി സുഖമായി ജീവിക്കാമല്ലോ'

'എന്നിട്ടോ?' മുക്കുവന് രസമായി.

'പിന്നെ നിനക്ക് യാതൊരു പണിയും ചെയ്യേണ്ടി വരില്ല. മീൻ പിടിക്കാൻ, വിൽക്കാൻ, ആഹാരം ചെയ്യാൻ, വിളമ്പാൻ........ ഒക്കെ നിനക്ക് പണിക്കാരുണ്ടാവുമല്ലോ'

'എന്നിട്ട്' മുക്കുവൻ വിട്ടില്ല.

'എന്നിട്ട്, എന്നിട്ട് ................

നിനക്ക് നല്ല സുഖമായുറങ്ങാമല്ലോ' വഴി പോക്കൻ

'ഹ, ഹ, ഹ, മുക്കുവൻ പൊട്ടിപ്പൊട്ടിച്ചിരിച്ചു.

'അതല്ലേ ഞാനിപ്പോഴും ചെയ്യുന്നത്?'

-*ഇൻസാക്, തിരുവനന്തപുരം-10*

**Transition or Transformation - Gabriele Dietrich & Nalini Nayak**

A study of the mobilisation, Organisation and emergence of consciousness among the fish workers of Kerala, India. Page - 188, Price - 150/-

**Water Wars**




Privatization, Pollution and Profit Vandana Shiva, Published by India Research press, New Delhi. Page - 170, Price - 245/-

**വില മുൻകൂർ അയച്ചാൽ തപാൽ ചെലവ് സൗജന്യം. വി.പി.പി സൗകര്യം ഉണ്ടായിരിക്കുന്നതാണ്. M.O./D.D. അയക്കേണ്ട വിലാസം: മാനേജർ, കേരളീയം, തൃശൂർ-21. ഫോൺ: 0487-2421385**